850 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണ നവീകരണ പരിപാടികളുടെ ഭാഗമായുള്ള സേവനപ്രദാന പദ്ധതി പ്രകാരം മാനന്തവാടി (വയനാട്), മഞ്ചേരി (മലപ്പുറം), വയനാട്, ഇടുക്കി ജില്ലാ ആശുപത്രികളിലും 16 താലൂക്ക് ആശുപത്രികളിലും 18 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും വിശദമായ സ്ഥാപന വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇടുക്കി, മാനന്തവാടി ജില്ലാ ആശുപത്രികൾ, ചേർത്തല, ഹരിപ്പാട്, പാമ്പാടി താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ അധിക കേന്ദ്ര സഹായം ഉപയോഗപ്പെടുത്തിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഓരോ ജില്ലയിലേയും രണ്ടു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാന്റേർഡ് മാനദണ്ഡമനുസരിച്ചുള്ള സൗകര്യങ്ങളൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) 2004-2005-ൽ പദ്ധതി വിഹിതമായി 101.30 കോടി രൂപ വകയിരുത്തിയതിൽ 68.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2005-2006-ൽ 100.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഇത് സംബന്ധിച്ചുള്ള കണക്കുകൾ തയ്യാറായിവരുന്നതേയുള്ളു.

(ഡി) ഇല്ല.

പേവിഷബാധയുള്ള നായ്ക്കളെ കൊല്ലാൻ നടപടി

*15 [368] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*

„ *പി. കെ. കെ. ബാവ:*

„ *സി. മമ്മൂട്ടി:*

„ *ടി. പി. എം. സാഹിർ:*

„ *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേ ബാധിച്ച പട്ടികൾമൂലം ആളുകൾക്ക് പകരുന്ന മാരകരോഗം തടയുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) പേവിഷവാഹകരായ നായ്ക്കളെ, തെരുവുനായ്ക്കളെ കൊല്ലരുതെന്ന നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):*

(എ) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ മനുഷ്യന് വളരെ ശല്യം ചെയ്യുകയും അവയിൽ നല്ല ശതമാനവും പേബാധയേറ്റതിനാലും അവയുടെ ശല്യം മനുഷ്യന്റെ മരണത്തിനും കാരണമായേക്കാമെന്നതിനാലും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിന് സർക്കാർ നൽകിയിട്ടുള്ള നിരോധന

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരവ് പിൻവലിക്കണമെന്ന് കാണിച്ച് പാലക്കാട് മുനിസിപ്പാലിറ്റി 11-ാം വാർഡ് കൗൺസിലർ ശ്രീ. ഭാസ്കരൻ ഫയൽ ചെയ്ത പൊതുതാല്പര്യ ഹർജി നമ്പർ 23543/03-ന്റെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി അനിമൽ ബർത്ത് കൺട്രോൾ റൂൾസ് കർശനമായി നടപ്പിലാക്കി, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ഹൈക്കോടതി വിധി അക്ഷരംപ്രതി നടപ്പിലാക്കാൻ നിയമവകുപ്പ് അഭിപ്രായപ്പെടുകയും ചെയ്ത പ്രകാരം, ഇത് സംബന്ധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പേവിഷ ബാധിച്ച് രോഗം സ്ഥിരീകരിച്ചവയെയും ചികിത്സിക്കാൻ കഴിയാത്തവയെയും ദയാവധം നടത്തുന്നതിനും അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്) റൂൾസ് 2001 പ്രകാരം അനുശാസിക്കുന്നുണ്ട്. ഇത് നടപ്പിലാക്കാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

*16 [369] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*

„ *തോമസ് ഉണ്ണിയാടൻ:*

„ *സ്റ്റീഫൻ ജോർജ്:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ഒരു മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിന് രൂപം നൽകുവാനും ഇത് അടിയന്തിരമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ നിലവിൽ ഇല്ലാത്തതുകൊണ്ട് വ്യാജ ഡോക്ടർമാർ സംസ്ഥാന വ്യാപകമായി പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാജ പ്രാക്ടീഷണർമാർക്കെതിരെ ബില്ലിൽ ആവശ്യമായ വ്യവസ്ഥകൾ ചേർക്കുന്നതിന് ഒരു വിദഗ്ദ്ധസമിതിയെ ചുമതലപ്പെടുത്തുമോ?

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഒരു ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) രജിസ്ട്രേഷൻ ഇല്ലാതെ ചികിത്സ നടത്തുക തുടങ്ങിയ നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ഉതകുന്ന വകുപ്പുകൾ പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly